QP CODE: 21100229

21100229

Reg No : ....................

Name : ....................

# B.A DEGREE (CBCS ) EXAMINATION, FEBRUARY 2021

## Fifth Semester

## Core Course - ML5CRT07 - CHERUKADHA,NOVEL

B.A Malayalam Language and Literature Model I,B.A Malayalam Language and Literature Model II Copy Editing,B.A Malayalam Language and Literature Model II Copy Writing

2017 Admission Onwards

E0E54F8E

Time: 3 Hours                                                                 Max. Marks : 80

### പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. ആദ്യകാലചെറുകഥകളുടെ സവിശേഷതകൾ എന്തെല്ലാം?
2. രാജമ്മ എബ്രാഹം എപ്രകാരമാണ് മാറാലകളോട് പ്രതികരിക്കുന്നത്?
3. "പക്ഷേ ചായം പുരണ്ട ആ ചുണ്ടുകൾക്ക് ചിരിക്കാൻ അറിയാം"- സന്ദർഭമേത്?
4. നന്ദനാരുടെ കഥകളുടെ സവിശേഷതകൾ എന്തെല്ലാം?
5. "ഈ ഓപ്പോൾക്ക് പ്രാന്താ"- എന്ന് അപ്പു ഇടയ്ക്കിടയ്ക്ക് പറയാൻ കാരണമെന്ത് ?
6. "ഞാൻ യാത്രയാണല്ലോ"- എന്തു യാത്രയെക്കുറിച്ചാണ് ദൂതനോട് അച്ഛൻ പറയുന്നത്?
7. 'ഓർമ്മ' എന്ന കഥയിലെ നായകന് സംഭവിച്ച ഓർമ്മക്കുറവിന്റെ തുടക്കം എവിടെനിന്നായിരുന്നു?
8. 'കന്യാകുമാരി' എന്ന കഥയിലെ ചെറിയാൻ തോമസ് എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.
9. 'ദിനോസറിന്റെ കുട്ടി' എന്ന കഥയുടെ ആഖ്യാനശൈലി എപ്രകാരമാണ്?
10. സി .അയ്യപ്പന്റെ കഥാലോകം വിവരിക്കുക.
11. 'ഉട്ടോപ്യ' എന്ന കഥയിലെ മാന്ത്രികവനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
12. "നിങ്ങൾക്ക് വേറെ മുറി, വേറെ പാത്രം"- ആര് ആരോട് പറഞ്ഞു?

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. മലയാള നോവലിന്റെ ഉദ്ഭവവും വളർച്ചയും വിശദീകരിക്കുക.
14. വാമൊഴി വഴക്കങ്ങളുടെ സൗന്ദര്യം 'ഖസാക്കിന്റെ ഇതിഹാസ'ത്തിന്റെ ഘടനയെ സ്വാധീനിച്ചിരിക്കുന്നതെങ്ങനെ?
15. ബിംബകല്പനകളാൽ സമൃദ്ധമാണ് ഉറൂബിന്റെ നോവൽ-- മിണ്ടാപ്പെണ്ണിനെ ആസ്പദമാക്കി വിവരിക്കുക.
16. "പാപ്പാ നഗറിന് 1001 രൂപാ സംഭാവന കൊടുത്തുകഴിഞ്ഞപ്പോൾ ഓപ്പന് എന്തോ ഒരാശ്വാസം"- ഓപ്പനെ പരിചയപ്പെടുത്തി സന്ദർഭം വിവരിക്കുക.
17. 'ഉളി പിടിച്ച കയ്യ് ' എന്ന ശീർഷകം കഥയ്ക്ക് എത്രമാത്രം യോജിക്കുന്നുണ്ട്- വിവരിക്കുക.
18. കാരൂർ കഥകളുടെ സവിശേഷതകൾ വിവരിക്കുക.
19. വി. കെ. എൻ അവതരിപ്പിക്കുന്ന സമകാലികസമൂഹത്തിന്റെ പൊള്ളത്തരങ്ങൾ യുക്തിപൂർവ്വം വിശദീകരിക്കുക.
20. ജീവിതബന്ധത്തെ ഇഴപിരിച്ചുകാട്ടുന്ന കഥയാണ് പച്ചപ്പട്ടുസാരി- വ്യാഖ്യാനിക്കുക.
21. ഇമ ഇളകാത്ത കണ്ണുകളിലെ വരൾച്ചയുടെ ശൂന്യത. ഭാവങ്ങൾ കൊഴിഞ്ഞുപോയ ശിഖരങ്ങളിൽ ചേക്കേറി ചിറകൊതുക്കിയ നിസ്സംഗത- ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും ***15*** മാർക്ക് വീതം.

22. കീഴ്ജാതി വിഭാഗങ്ങൾക്ക് അധിനിവേശാധുനികത തുറന്നുകൊടുക്കുന്ന വിമോചകസാധ്യതകളെക്കുറിച്ച് അതിയായ പ്രതീക്ഷയും വിശ്വാസവുമാണ് നോവലിസ്റ്റ് ഉടനീളം പുലർത്തുന്നത്- 'സരസ്വതീവിജയ'ത്തെ ആസ്പദമാക്കി ഈ പ്രസ്താവന പരിശോധിക്കുക.
23. പ്രകൃതി നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങളിലേക്ക് നമ്മെ കൊണ്ടുചെന്നെത്തിക്കുന്ന യാത്രാ പുസ്തകമാണ് ജിനശലഭങ്ങളുടെ വീട്- പരിശോധിക്കുക
24. ഒരു കഥാപാത്രത്തെ എങ്ങനെ അപഗ്രഥിച്ച് പഠിക്കാമെന്നതിന്റെ ഏറ്റവും

നല്ല നിദർശനമാണ് ശകുനത്തിലെ കഥാനായകൻ- പരിശോധിക്കുക.

25. ഉത്തരാധുനികതയുടെ ചെറുകഥകൾ വിശദീകരിച്ച് 'ആദം' എന്ന കഥയുടെ സവിശേഷതകൾ വിലയിരുത്തുക.

(2×15=30)